ഉത്തരം

(എ) 544 കൈവശക്കാരുണ്ട്.

(ബി) ഇവർ പ്രസ്തുത ഭൂമിയിൽ 1970-നും അതിന് ശേഷവുമായിട്ടാണ് കൂടിയേറിയിട്ടുള്ളത്.

(സി) ഈ സ്ഥലം 75 ആളുകൾക്ക് നേരത്തെ പതിച്ചു ഉത്തരവ് നൽകിയിട്ടുള്ളതാണ്. അതുകൊണ്ട് കൈയേറ്റക്കാരായ കൈവശക്കാർക്ക് വീണ്ടും പട്ടയം നൽകുവാൻ നിയമ തടസ്സം ഉണ്ട്.

(ഡി)&(ഇ) തടസ്സം നീക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായി പരിശോധിച്ചു വരുന്നു.

80 (637) തൃശ്ശൂർ ജില്ലയിൽ വനഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി

ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹൈക്കോടതി അനുമതി ലഭിച്ചതിനെത്തുടർന്ന് വനഭൂമിക്ക് പട്ടയം നൽകുന്ന പദ്ധതിയിൻപ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇങ്ങനെ പട്ടയം നൽകുന്ന ഭൂമി ജില്ലയുടെ ഏതെല്ലാം പ്രദേശത്താണ്;

(സി) എത്ര പേർക്ക് ജില്ലയിൽ പട്ടയം നൽകാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എന്നു മുതൽ പട്ടയം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈക്കോടതി അനുമതി ലഭിച്ചതിനെ തുടർന്ന് വനഭൂമിക്ക് പട്ടയം നൽകുന്ന പദ്ധതിയിൻപ്രകാരം തൃശ്ശൂർ ജില്ലയിൽ കേന്ദ്രാനുമതി കിട്ടിയ 2720 ഹെക്ടർ വനഭൂമിക്ക് ഇപ്പോൾ പട്ടയം നൽകാൻ കഴിയും.

(ബി) മേൽ പദ്ധതി പ്രകാരം പട്ടയം നൽകുന്നതിനുള്ള സ്ഥലം തൃശ്ശൂർ, ജില്ലയിൽ തവപ്പിള്ളി, തൃശ്ശൂർ, മുകുന്ദപുരം താലൂക്കുകളിൽ മച്ചാട്, വടക്കാഞ്ചേരി, പട്ടിക്കാട്, പീച്ചി, പാലപ്പിള്ളി, വെള്ളിക്കുളങ്ങര, പരിയാരം എന്നീ ഫോറസ്റ്റ് റേഞ്ചിൽപ്പെട്ടതാണ്.

(സി) 2720 ഹെക്ടർ സ്ഥലം ഏകദേശം 7375 കൈവശക്കാർക്ക് നൽകാനാവുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ഡി) 1999 ഡിസംബർ മുതൽ പട്ടയം നൽകാൻ കഴിയുന്നതാണ്.

81 (638) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡ് കൊത്തിയപാറ നിവാസികൾക്ക് പട്ടയം നൽകുന്നതിനു നടപടി

ശ്രീമതി എൻ.കെ. രാധ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly